# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5519      01/07/2014-ൽ മറുപടിക്ക്

## ആദിവാസി മേഖലകളിൽ മാവോയിസ്റ്റുകളുടെ മുതലെടുപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി/പട്ടികവർഗ്ഗ മേഖലകളിൽ ഇവരുടെ ; ഭൗതിക സാഹചര്യങ്ങളുടെ ശോച്യാവസ്ഥ ചൂഷണം ചെയ്ത് മാവോയിസ്റ്റുകൾ മുതലെടുപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവരുടെ ജീവിത നിലവാരം ഉയർത്തി ഇത്തരത്തിലുള്ള ചൂഷണങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയുമോ; | (ബി) | പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം പരിപൂർണ്ണമായും യഥാർത്ഥ ഗുണഭോക്താക്കൾക്കു യഥാസമയം ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഇവരുടെ ക്ഷേമ കാര്യങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്നതിന് ജില്ലകളിൽ ജില്ലാകളക്ടർ, ജില്ലാ പോലീസ് മേധാവി, ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ എന്തെങ്കിലും വിധത്തിലുള്ള അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ ; | (സി) | വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ ഇത്തരം ചൂഷണങ്ങൾ തടയുന്നതിന് ആഭ്യന്തര വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 വർഷം സംസ്ഥാനത്ത് ആദ്യമായി പട്ടികവർഗ്ഗ ഉപസമിതിയ്ക്കുള്ള വിഹിതം 2% ൽ നിന്നും 3% ആയി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 14 ലൊക്കേഷനുകളിലെ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അവിടെയുള്ള പട്ടികവർഗ്ഗ ജന വിഭാഗത്തിന്റെ ജീവിത നിലവാര വർദ്ധനവിനുമുള്ള സമഗ്ര പദ്ധതികളടങ്ങുന്ന |

| | | | |
|---|---|---|---|
| | | | വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനു ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ പ്രദേശങ്ങളുടെ വികസനത്തിലൂടെ പട്ടികവർഗ്ഗക്കാരുടെ അസംതൃപ്തി മുതലെടുക്കാനുള്ള സാദ്ധ്യത ഇല്ലാത്തവിധം അവരുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മാവോയിസ്റ്റ് സാന്നിദ്ധ്യം ഉണ്ടെന്ന് കണ്ടെത്തിയ മേഖലകളിലെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് 01.06.2013 ലെ സ.ഉ. (കൈ) നമ്പർ 139/2013/ആഭ്യന്തരം ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം മേൽ നോട്ടം വഹിക്കുന്നതിന് വേണ്ടി ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, ഐ.റ്റി.ഡി.പി. പ്രോജക്റ്റ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായുള്ള സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ അന്വേഷണ/പഠനങ്ങൾ നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെടുത്തുന്നതിനും പരിഹാരം കാണുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | ബാധകമല്ല. |

R. [signature]

**സെക്ഷൻ ഓഫീസർ**